(സി) എല്ലാ ബസ്സുകളും സർവ്വീസിന് അനുയോജ്യമായവയാണ്. സ്പെയർപാർട്ടുകൾ കൃത്യ സമയത്ത് എത്താറുണ്ട്.

(ഡി) നിലവിലുള്ള ഷെഡ്യൂളുകൾ പൂർണ്ണമായും നടത്തുവാൻ ആവശ്യമായ ബസ്സുകൾ വടകര ഡിപ്പോയിൽ നൽകിയിട്ടുണ്ട്. വടകര യൂണിറ്റിൽ 6/2010-ലെ കണക്ക് പ്രകാരം ഏറ്റവും കൂടുതൽ വരുമാനം ലഭിക്കുന്നത് രാവിലെ 6.50 മണി വടകര-പാറക്കടവ് സർവ്വീസിനാണ്.

കോഴിക്കോട് മാവൂർ റോഡ് കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡ് കം ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണം

161 (5381) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് മാവൂർ റോഡ് കെ.എസ്.ആർ.ടി.സി.ബസ് സ്റ്റാൻഡ് കം ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണത്തിന് വേണ്ടിയുള്ള നടപടിക്രമങ്ങൾ എന്നാണ് ആരംഭിച്ചത് ;

(ബി) പ്രസ്തുത കോംപ്ലക്സിന്റെ നിർമ്മാണ ചുമതല ഏത് ഏജൻസിക്കാണെന്നും പ്രവൃത്തി ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ ; പ്രസ്തുത പണി സംബന്ധമായ കരാറിന്റെ കോപ്പി ലഭ്യമാക്കുമോ ;

(സി) പ്രസ്തുത നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് തുക എത്രയാണെന്നും പണി പൂർത്തിയാകുമ്പോൾ എന്ത് തുക ചെലവാകുമെന്നും വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത നിർമ്മാണം പൂർത്തിയായാൽ കെ.എസ്.ആർ.ടി.സി.ക്ക് എത്ര വരുമാനം ലഭിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഇ) കടകളുടെ ഡെപ്പോസിറ്റ് ഇനത്തിൽ കെ.എസ്.ആർ.ടി.സി. എന്ത് തുക വരുമാനം പ്രതീക്ഷിക്കുന്നുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കോഴിക്കോട് ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ബി. ഒ. ടി. അടിസ്ഥാനത്തിൽ കെ. ടി. ഡി. എഫ്. സി. മുഖാന്തിരമാണ് നടത്തുന്നത്. നിർമ്മാണ പ്രവർത്തനത്തിനുള്ള സ്ഥലം കരാറുകാരന് ഭാഗികമായി കൈമാറി കൊണ്ട് 27-3-2009-ൽ നിർമ്മാണ പ്രവർത്തനം ആരംഭിച്ചു. നിലവിലുണ്ടായിരുന്ന പ്രധാന കെട്ടിടം പൊളിച്ചുമാറ്റുന്നതിനായി ബഹുമാനപ്പെട്ട സുപ്രീം കോടതി വിധി 2-9-2009-ൽ ലഭിച്ച പ്രകാരം കെട്ടിടം പൊളിച്ചു മാറ്റി 22-2-2010-ന് മുതൽ സ്ഥലം പൂർണ്ണമായും കരാറുകാരന് കൈമാറി, പൂർണ്ണതോതിൽ നിർമ്മാണ പ്രവർത്തനം തുടരുന്നു.

(ബി) കെ. വി. ജോസഫ് & സൺസ്, ഇടപ്പള്ളി, എറണാകുളം എന്ന കമ്പനിയാണ് സിവിൽ ജോലികളുടെ നിർമ്മാണം നിർവ്വഹിക്കുന്നത്. ഇലക്ട്രിക്കലും മറ്റ് അനുബന്ധ ജോലികളുടെയും കരാർ നൽകിയിരിക്കുന്നത് ഹാരിസൺ മലയാളം ലിമിറ്റഡ്, എറണാകുളം എന്ന കമ്പനിക്കാണ്. ആകെ പ്രവർത്തി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

യുടെ ഏകദേശം 25% ജോലി നിർവ്വഹിച്ചു കഴിഞ്ഞു. പ്രധാന കെട്ടിടത്തിന്റെ പൈലിംഗ് പൂർത്തിയായി. രണ്ട് ടവറുകളിൽ ഒരു ടവറിന്റെ രണ്ടാമത്തെ നിലയുടെ സ്ലാബിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. കരാറുകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) പ്രസ്തുത നിർമ്മാണത്തിന്റെ മൊത്തം എസ്റ്റിമേറ്റ് തുക താഴെ വിവരിക്കുന്നു.

1. സിവിൽ വർക്സ്- 36 കോടി രൂപ

2. ഇലക്ട്രിക്കലും, അനുബന്ധ പണികളും-7.21 കോടി രൂപ.
ആകെ -43.21 കോടി രൂപ.

പ്രസ്തുത നിർമ്മാണം പൂർത്തിയാകുമ്പോൾ 52 കോടി രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) കെ. ടി. ഡി. എഫ്. സി. യുടെ നിർമ്മാണ ചെലവ് കഴിഞ്ഞു ലഭിക്കുന്ന വരുമാനത്തിന്റെ 50 ശതമാനം വരുന്ന തുക കെ. എസ്. ആർ. ടി. സി.ക്ക് അപ്പപ്പോൾ ലഭിക്കുന്നതാണ്.

(ഇ) ഡെപ്പോസിറ്റ് ഇനത്തിൽ ലഭിക്കുന്ന തുക നിർമ്മാണ പ്രവർത്തനത്തിന് ചെലവായ തുകയിൽ കുറച്ച്, ശേഷിക്കുന്ന തുകയ്ക്ക് മാത്രം കെ.ടി.ഡി.എഫ്.സി. കടമെടുത്ത് ബി.ഒ.ടി. കാലാവധി പരമാവധി കുറയ്ക്കും. അതിനാൽ കടകളുടെ ഡെപ്പോസിറ്റ് ഇനത്തിൽ കെ.എസ്.ആർ.ടി.സി.ക്ക് വരുമാനമൊന്നും ലഭിക്കുകയില്ല.

കോഴിക്കോട്-കവണക്കല്ല്-വാഴക്കാട് റൂട്ടിൽ പുതിയ ബസ് സർവ്വീസുകൾ

162 (5382) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കോഴിക്കോട്-കവണക്കല്ല്-വാഴക്കാട് റൂട്ടിൽ പുതിയ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾക്ക് അനുമതി നൽകിയിട്ടുണ്ടോയെന്ന് അറിയിക്കുമോ ;

(ബി) എങ്കിൽ മലപ്പുറം, നിലമ്പൂർ ഓപ്പറേറ്റിംഗ് സെന്ററിൽ നിന്നും ഏതെല്ലാം സമയങ്ങളിലാണ് പ്രസ്തുത സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് അനുമതി നല്കിയത് ; എന്നാണ് ഇതിന് അനുമതി നൽകിയിട്ടുള്ളത് ;

(സി) ഈ സർവ്വീസ് ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാം ;

(ഡി) ഈ സർവ്വീസുകൾക്ക് അനുമതി നൽകിയതിനുശേഷം മലപ്പുറം ഡിപ്പോയിൽ നിന്നോ, നിലമ്പൂർ ഓപ്പറേറ്റിംഗ് സെന്ററിൽ നിന്നോ പുതിയ സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.